# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.7/124/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.7/124/2022 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 05-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-12-2021 | 05-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ , ഓഡിറ്റ് ഓഫീസർ

ശ്രീമതി. മായാദേവി സി.എസ്സ്, അസിസ്റ്റന്റ് ഓഗിറ്റ് ഓഫീസർ

ശ്രീമതി.സുഷ.റ്റി.പിള്ള അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മനേഷ്കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ശിവൻകുട്ടി ഐലാരത്തിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റിവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 22-12-2020 |
| ശ്രീമതി . ആശ.വി നായർ | പ്രസിഡന്റ് | 23-12-2020 | 31-03-2021 |
| ശ്രീമതി ഷൈലജ.പി.എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അർച്ചന. യു.എസ്സ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സ്മിത | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി .പ്രീതാകുമാരി.പി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ചിത്രാസാബു | മെഡിക്കൽ ഓഫിസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.പാർവ്വതി .സി | മെഡിക്കൽ ഓഫിസർ ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.രാധിക.ആർ | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിനി.പി | എച്ച്.എം.ഗവ.യു.പി.എസ്സ് | 01-04-2020 | 15-06-2020 |
| ശ്രീമതി . അന്നമ്മ | എച്ച്.എം.ഗവ.യു.പി.എസ്സ് | 16-06-2020 | 31-03-2021 |
| ശ്രീമതി. മേരിജിഷ.പി. | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. തോമസ്സ്. റ്റി.മാർട്ടിൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി .റെജിമോൾ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 10-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 10-01-2022) | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട്.- വസ്തു നികുതി നിർണ്ണയത്തിലെ കുറവ് ചൂണ്ടിക്കാട്ടിയതിൻ പ്രകാരം പുനർനിർണ്ണയത്തിലൂടെ അപാകത പരിഹരിച്ചു.<br>Written By: Maneshkumar G (Senior Grade Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല - അറിയിപ്പിനെത്തുടർന്ന് തുക ഈടാക്കി ഒടുക്കു വരുത്തി<br>Written By: Maneshkumar G (Senior Grade Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-12 |
| 13 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-13 |
| 14 | ഇ-ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 09-01-2022) | 1-14 |
| 15 | ബാരൽ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-15 |
| 16 | മരാമത്ത് വർക്കുകളിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-16 |

| | | |
|---|---|---|
| 17 | പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-17 |
| 18 | മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണ വിതരണം- അപാകത<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-18 |
| 19 | സാക്ഷരതാ തുല്യതാ പരീക്ഷ-പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-19 |
| 20 | ലൈബ്രറി സെസ് 273312/-രൂപ പഞ്ചായത്തിന് ബാധ്യത<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-20 |
| 21 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടച്ചില്ല -<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-21 |
| 22 | സമഗ്ര പുരയിട കൃഷി-കിഴങ്ങ് വർഗ്ഗ വിളകൾ- യൂണിറ്റ് കോസ്റ്റിലെ നിരക്കിനേക്കാൾ അധികം തുക ചെലവഴിച്ചു<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-22 |
| 23 | സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-23 |
| 24 | നീക്കിയിരിപ്പ് തുക ക്രമീകരിക്കണം<br>Written By: Susha.T.Pillai (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-24 |
| 25 | ലൈഫ് പദ്ധതി -അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-25 |
| 26 | അഗതി രഹിത കേരളം പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-26 |
| 27 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-01-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.3.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 29431857 | 34147996 |
| വാർഷിക കണക്ക് പ്രകാരം | 36141402 | 32396010 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 14-07-2021 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6206213 |
| വരവ് | 43377038 |
| ആകെ | 49583251 |
| ചെലവ് | 42324650 |
| നീക്കിയിരിപ്പ് | 7258601 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 559576 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | സോഴ്സ് ഡിഡ്ഷൻ ഉൾപ്പടെയുള്ളവരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12838874 | 12838874 | 11120316 | 1718558 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5348373 | 5348373 | 4918850 | 429523 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4502000 | 4502000 | 4502000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456681 | 0 |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(ടൈഡ്) | 0 | 3050000 | 3050000 | 1189607 | 1860393 |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(ടൈഡ്) | 0 | 5306963 | 5306963 | 3652979 | 1653984 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 29397086 | 114 | | 23 | 13 | 76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2118 | 791439 | 793557 | 304940.40 | 488616.6 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 18259618 | 18259618 | 18259618 | 0 |
| | 2118 | 19051057 | 19053175 | 18564558.4 | 488616.6 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9360 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 5374500 | 301 |
| വിധവാപെൻഷൻ | 5651500 | 202 |
| വാർദ്ധക്യകാലപെൻഷൻ | 15064700 | 700 |
| വികലാംഗപെൻഷൻ | 2387000 | 105 |
| അവിവാഹിത പെൻഷൻ | 113900 | 6 |
| വിധവകളുടെ പെൺമക്കൾക്കുള്ള് വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 03.01.2022ന് നടത്തുകയുണ്ടായി. പരിശോധനയിൽ 16,665/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും തനതു വരുമാനം കുറവുള്ള ഒരു പഞ്ചായത്ത് എന്ന നിലക്ക് തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതും, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതും തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ സഹായിക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ്.

## 1-10 വാർഷികകണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. മുൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11 പ്രകാരം ഫിക്സഡ് അസെറ്റ് ബാലൻസ് നിൽക്കുന്ന തുക13560167/- രൂപയും തൻവർഷത്തെ ആർ.പി സ്റ്റേറ്റ്മെന്റ് RP 38 പ്രകാരം ഫിക്സഡ് അസെറ്റ്സ് 2482223/-രൂപയും ഉൾപ്പടെ ബി 11 പ്രകാരമുള്ള ഫിക്സഡ് അസറ്റ്സ് 16042390/- രൂപയാണ്. എന്നാൽ ബി 11 പ്രകാരം വാർഷികകണക്കിൽ ഫിക്സഡ് അസറ്റ്സായി ചേർത്തിട്ടുള്ളത് 16469540/- രൂപയെന്ന് കാണുന്നു. വ്യത്യാസം 666390/-.രൂപ

2.മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ബി 18 ഷെഡ്യൂൾ പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 250000/-

രൂപ കാണുന്നു. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ അഡ്വാൻസ് ഹെഡ്ഡിൽ നിന്ന് തുക എക്സ്പെന്റിച്ചർ ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.20 തീയതി 05-01-2022) മറുപടി ലഭിച്ചില്ല. വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്ട്.- വസ്തു നികുതി നിർണ്ണയത്തിലെ കുറവ് ചൂണ്ടിക്കാട്ടിയതിൻ പ്രകാരം പുനർനിർണ്ണയത്തിലൂടെ അപാകത പരിഹരിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപ ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെകൊടുത്തിട്ടുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@30 | ചുമത്തേണ്ട നികുതി@50 | കുറവ് |
|---|---|---|---|---|---|---|
| എം.ജി. ഉണ്ണിക്കൃഷ്ണൻ നായർ രാഗം പാണ്ടനാട് | 06 (വൻമഴി ഈസ്റ്റ്) | 87B | 28.58 | 857.4 | 1429 | 571.6 |
| | | 87C | 28.56 | 856.8 | 1428 | 571.2 |
| | | 87D | 28.56 | 856.8 | 1428 | 571.2 |
| | | 87E | 28.56 | 856.8 | 1428 | 571.2 |
| | | 87F | 28.56 | 856.8 | 1428 | 571.2 |
| | | 87G | 28.56 | 856.8 | 1428 | 571.2 |
| | ആകെ | | 171.36 | 5141.4 | 8569 | 3427.6 |
| അസസ്സ്മെന്റ് വർഷം 2021 ഒന്നാം അർദ്ധവർഷം മുതൽ | | | | | | |

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പരുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടത്തെ റീ അസസ് ചെയ്യേണ്ടതും അസസ്സ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്.മേൽ നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ വസ്തു നികുതി അസസ്സ്മെന്റിൽ കുറവുണ്ടായി. ഒരു സാമ്പത്തിക വർഷം ആകെ കുറവ് വന്ന വസ്തു നികുതി 3427.6 രൂപയാണ്. പുനർനിർണ്ണയം നടത്തി തുക കണക്കാക്കി അസസ്സ്മെന്റ് വർഷം മുതൽ ഉണ്ടായിട്ടുള്ള കുറവ് ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് അധികൃതർ പുനർ നിർണ്ണയം നടത്തുകയും നിജപ്പെടുത്തിയ അധികത്തുക ഉടമസ്ഥനിൽ നിന്നും രസീതി നമ്പർ 121070101622, 121070101623, 121070101624, 121070101625, 121070101626, 121070101627 എന്നിവയിലൂടെ ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിച്ചു.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല - അറിയിപ്പിനെത്തുടർന്ന് തുക ഈടാക്കി ഒടുക്കു വരുത്തി

2020-21 സാമ്പത്തികവർഷം മാവേലി സ്റ്റോർ, പാണ്ടനാട് എന്ന സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് (എൻക്വയറി നമ്പർ-12/03.01.2022) മേൽ സ്ഥാപനത്തിൽ നിന്നും 5000/- രൂപ നികുതിതുക ഈടാക്കി (രസീത് നമ്പർ-280100102/05.01.2022) ഓഡിറ്റിനെ അറിയിച്ചു. തുടർവർഷങ്ങളിൽ അപാകത ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതായി ലൈസൻസ് രജിസ്റ്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെപേര്, അഡ്രസ്സ് | സ്ഥാപനം | വാർഡ് കെട്ടിടനമ്പർ |
|---|---|---|---|
| 1 | ഡോ. ഗായത്രി ആകുംചേരിൽ, കീഴ് വൻമഴി പാണ്ടനാട് | വൈദ്യരത്നം ഔഷധശാല, അഷ്ടാംഗ ആയുർവേദകെയർ, പഞ്ചകർമ്മ ചികിത്സാകേന്ദ്രം | X- 320 |
| 2 | ശോശമ്മ സ്കറിയ മണക്കുന്നേൽ വീട്, പാണ്ടനാട് | M A M മെഡിക്കൽ ലാബോറട്ടറി | VIII -16 |

എന്നാൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തി എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുമില്ല. ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതികൂടി ലഭ്യമാക്കുന്ന (സർക്കുലർ നമ്പർ 47724/ ഡി.സി.1/ 11/എൽ.എസ്.ജി.ഡി.തീയതി.09.12.2012) രേഖകളും ലഭ്യമാക്കിയിട്ടില്ല. പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2020-21 വർഷം ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ചതും എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചതുമായ തുകയുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.8 തീയതി 31-12-2021 മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ, 7500/- രൂപ തൻവർഷം ഇപ്രകാരം എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് അടച്ചിട്ടുണ്ടെന്നും തുക തിരികെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിച്ചു..ലഭിക്കാനുള്ള തുക തിരികെ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 1-15 ബാരൽ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

30-10-2007 ലെ സർക്കുലർ നം. 59827/എഫ്.എം/07. ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർവീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി.) 177/2006/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 2020-21 വർഷം ചുവടെ ചേർക്കുന്ന വർക്കുകളുടെ ബില്ലുകളിൽനിന്നും ബാരൽ വിലയായി കരാറുകാരനിൽ നിന്നും തുക ഈടാക്കുകയും തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്തതായും കാണുന്നു.

| വർക്കിന്റെ പേര്/പ്രോജക്റ്റ് നം. | തുക | ബിൽ നം./തീയതി |
|---|---|---|
| വഴിത്തറ-പുത്തൻതറപ്പടി റോഡ് ടാറിംഗ്(പ്രോജക്റ്റ് നം. S0036/20) | 1124/- | ബിൽ നം.29/20-21 തീയതി14-01-2021 |
| കരിങ്ങാട്ടുശ്ശേരി-മുണ്ടിയറകടവ് റോഡ് മെയിന്റനൻസ് (പ്രോജക്റ്റ് നം.S0142/20) | 6182/- | ബിൽ നം.28/20-21 തീയതി7-01-2021 |
| തുക്കൈപുരം ടെമ്പിൾ-കുഴയത്ത് റോഡ് ടാറിംഗ് (പ്രോജക്റ്റ് നം.S0071/20) | 2810/- | ബിൽ നം.23/20-21 തീയതി01-12-2020 |
| പാലങ്ങാട്ടിൽപ്പടി-വടക്കേപാലങ്ങാട്ടിൽപ്പടി റോഡ് മെയിന്റനൻസ് (പ്രോജക്റ്റ് നം. S0083/20) | 1405/- | ബിൽ നം.42/20-21 തീയതി18-03-2021 |
| പ്ലാക്കീഴിൽപ്പടി-മുക്കംവേലിപ്പടി റോഡ് റിന്നവേഷൻ (പ്രോജക്റ്റ് നം.S0049/20) | 2248/- | ബിൽ നം.42/20-21 തീയതി18-03-2021 |
| തുക്കൈപുരം- വള്ളപുരക്കൽ കടവ് മെയിന്റനൻസ് റോഡ് ടാറിംഗ് (പ്രോജക്റ്റ് നംS0065/20) | 2529/- | ബിൽ നം.2/20-21 തീയതി23-04-2020 |
| പുത്തേത്തുപടി-തൊണ്ടുംവാതുക്കൽപ്പടി റോഡ് മെയിന്റനൻസ് (പ്രോജക്റ്റ് നംS0102/20) | 2248/- | ബിൽ നം.5/20-21 തീയതി20-04-2020 |
| പള്ളിച്ചിറകനാൽ ആയുർവ്വേദ ഹോസ്പിറ്റൽ റോഡ് മെയിന്റനൻസ് (പ്രോജക്റ്റ് നംS0102/20 | 4215/- | ബിൽ നം.1/20-21 തീയതി21-04-2020 |
| ആകെ | 22761/. | |

മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14 തീയതി 04-01-2022) ലഭ്യമാക്കിയ മറുപടിയിൽ, അതാത് പ്രവൃത്തികളുടെ ഹെഡ്ഡ് ഓഫ് അക്കൌണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ബാരൽ വിലയായി കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് വരുത്തി തനതു ഫണ്ടിൽ അടച്ച തുക വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ തിരിച്ചടക്കേണ്ടതാണ്.

## 1-16 മരാമത്ത് വർക്കുകളിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല

സർക്കുലർ നം.എസി.2/223/2015 തീയതി. 18-8-2018 പ്രകാരം കരാർ ലംഘന നടപടികൾ സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിരുന്നു. ഇതുപ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണെന്നും പരമാവധി കാലാവധി ആ പ്രവർത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി

മാത്രമായിരിക്കും എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ആദ്യത്തെ മൂന്നമാസം വരെ കരാർ തുകയുടെ 1% തുകയും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 % തുകയും പിഴ ഈടാക്കാവുന്നതാണ്. (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000). താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.തീയതി) നൽകിയ മറുപടിയിൽ ലോക്ക് ഡൌണിൽ കാലാവധി അവസാനിച്ച പ്രവൃത്തികൾക്ക് ടൈം എക്സ്റ്റൻഷന് നൽകാമെന്ന് ഗവ. ഉത്തരവ് ഉള്ളതിനാൽ പിഴ ഒഴിവാക്കിയെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി ഏതൊക്കെ വർക്കുകൾക്കാണ് ഇപ്രകാരം ടൈം എക്സ്റ്റൻഷന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്ത് നൽകിയതെന്നുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കുകയോ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ ചമക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് കരാറുകാരന്റെ പേര്/കരാർ തീയതി/തുക | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | ചെക്ക് മെഷർ ചെയ്ത് വർക്ക് പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|
| S0071/2020 പാലങ്ങാട്ടിൽപ്പടി -കാളികുന്നപ്പടി റോഡ് ടാറിംഗ്<br>ഡൊമിനിക്ക് ഡേവിഡ്<br>04-11-2019<br>കരാർതുക 217716 | 3 മാസം<br>3-02-2020 | 30/07/2020 | 4-02-20 മുതൽ 3-05-2020 വരെ 217716 X1/100= 2177<br>4-05-2020 മുതൽ30-07-2020 വരെ 217716x2x88/100 =4257<br>ആകെ 6434/- |
| S0005/20 പേടിയിൽപ്പടി -തോണ്ടുവാതുക്കൽ റോഡ് കോൺക്രീറ്റിംഗ്<br>സുജിത്ത് മാമൻ ജേക്കബ്<br>20-08-2019<br>കരാർതുക 224509 | 3 മാസം<br>19-11-2019 | 25-05-2020 | 20-11-2019 മുതൽ 19-02-2020 വരെ 224509*1/100=2245<br>20-02-2020 മുതൽ 19-05-2020 വരെ 224509*2/100=4490<br>ആകെ 6735/- |
| S0008/20 ചെറു പനച്ചക്കാട് റോഡ് റിന്നവേഷൻ<br>ഡൊമിനിക്ക് ഡേവിഡ്<br>29-07-2020<br>കരാർതുക 259227 | 3 മാസം<br>28-10-2020 | 3-12-2020 | 29-10-2020 മുതൽ 3-12-2020 വരെ 259227*1%@36 Days =1037 |
| മണപ്പുറത്തുപടി -മല്ലപ്പള്ളി കടവ് മെയിന്റനൻസ്<br>എം.പി.ബാബു<br>25-02-2020<br>കരാർതുക -242694 | 3 മാസം<br>24-05-2020 | 28-09-2020 | 25-05-2020 മുതൽ 24-08-2020 വരെ 242694*1%=2427<br>25-08-2020 മുതൽ 28-09-2020 വരെ 242694*2%@1888 |

ആകെ 18521/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്.

## 1-17 പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്, ജെ ബി സ്കൂൾ, വന്മഴി

പ്രോജക്ട് നം.: S0058/21

ഡിഗ്രി പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം 312444 രൂപ (ബിൽ നം.3/15.3.2021) ചെലവഴിച്ച് സി പി സി ആർ എസ് മുഖേന 11 ലാപ്പ് ടോപ്പുകൾ 28404 രൂപ നിരക്കിൽ വാങ്ങിയിരുന്നു. സബ്സിഡി മാർഗ്ഗ രേഖകൾ പ്രകാരം ബിരുദ/ബിരുദാനന്തരം, പോളിടെക്നിക്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ചാർട്ടേഡ് അക്കൗണ്ട്സ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ മാർഗ്ഗ രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കും ആനുകൂല്യം നൽകിയതായി കണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം | അപാകത |
|---|---|---|---|
| 1 | നിഥിൻ ഓമനക്കുട്ടൻ, കുളത്തറയിൽ പാണ്ടനാട് | 5 | ഐ ടി ഐ പഠിക്കുന്നു. |
| 2 | ശിൽപ സുരേഷ് കണ്ണംപ്ലേത്ത്, വന്മഴി | 5 | പഠിക്കുന്ന കോഴ്സ് സംബന്ധിച്ച് സ്ഥാപന മേധാവിയിൽ നിന്നുള്ള നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | ആഷിക് മോൻ. എസ്സ്, തുരുത്തിക്കാട്ടിൽ, പാണ്ടനാട് | 11 | സാക്ഷ്യപത്ര പ്രകാരം ഗാലക്സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി സ്ഥാപനം ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ളതായി വ്യക്തമല്ല. |
| 4 | അഭിരാമി പി എസ്, പെരുമാലിക്കാട്ടിൽ | 10 | പാരലൽ കോളേജിൽ പഠിക്കുന്നു.അംഗീകൃത യൂണിവേഴ്സിറ്റിയിൽ രജിസ്ട്രേഷൻ നടത്തിയതായി രേഖയില്ല. |

അത് മാത്രമല്ല, ലാപ് ടോപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം.18/2020-21/5.1.2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കയിരുന്നില്ല. അതിനാൽ ആകെ ചെലവ് തുക 312444 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണ വിതരണം- അപാകത

മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണ വിതരണം പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് സ്റ്റീൽ മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.വിശദാംംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംംശങ്ങൾ | എണ്ണം | തുക ചെലവഴിച്ചതിന്റെ വിശദാംംശങ്ങൾ |
|---|---|---|
| മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ(പ്രോജക്ട് നം.95/21)സ്പിൽ ഓവർ | 12 | 94391 (ബിൽ നം.1/20.4.2020) |
| മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ(പ്രോജക്ട് നം.15/21) | 12 | 94391(ബിൽ നം.4/22.3.2021) |

13ാം സബിസിഡി മാർഗ്ഗ രേഖകൾ പ്രകാരം മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് 8000 രൂപ യൂണിറ്റ് കോസ്റ്റുള്ള മര ഫർണ്ണിച്ചറുകളാണ് വാങ്ങി നൽകേണ്ടത്. ഇതിന് വിരുദ്ധമായി 8000 രൂപ നിരക്കിൽ സ്റ്റീലിൽ നിർമ്മിച്ച ഫർണ്ണിച്ചറുകൾ വാങ്ങി നൽകിയതിന് വിശദീകരണം ആവശ്പ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം..18/2020-21/5.1.2022) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിലെ നിരദ്ദേശങ്ങൾക്കനുസൃതമായി മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സാക്ഷരതാ തുല്യതാ പരീക്ഷ-പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ: പ്രധാനാദ്ധ്യാപിക, ഗവ.ജെ ബി എസ്, കീഴ്വന്മഴി

സാക്ഷരത തുല്യതാ പരീക്ഷ പ്രോജക്ടുകൾ പ്രകാരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനായി തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുകളുമായി

ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശേധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|
| ഹയർ സെക്കന്ററി തുല്യത,പ്രോജക്ട് നം.S0014/21) | 20000 (ബിൽ നം.5/22..3.2021) |
| പത്താംതരം തുല്യതാ പരീക്ഷ (S0013/2021) | 14800രൂപ(ബിൽ നം.6/22.3.2021) |

രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18 തീയതി 05-01-2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ചെലവ് തുക 34800രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ലൈബ്രറി സെസ് 273312/-രൂപ പഞ്ചായത്തിന് ബാധ്യത

2020-21 ലെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതാഹെഡ്ഡിൽ (ഷെഡ്യൂൾ ബി-9) 2,73,312/- രൂപ ലൈബ്രറി കൌൺസിലിലേക്ക് അടക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. 2018-19 രണ്ടാം അർദ്ധവർഷം മുതൽ 2020-21 രണ്ടാം അർദ്ധവർഷം വരെയുള്ള കുടിശ്ശികയാണ് ലൈബ്രറി കൌൺസിലിലേക്ക്അടക്കുവാനുള്ളത് . തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.09.2005 ലെ 10088/എൽ3/05 നം. സർക്കുലർ പ്രകാരം ഓരോ വർഷവും ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നും നവംബർ 30 നും ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് തദ്ദേശസ്വയംഭരണസ്ഥാനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയുണ്ട്. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 16 തീയതി 05-01-2022) ലഭ്യമാക്കിയ മറുപടിയിൽ തുക അടവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ലൈബ്രറി കൌൺസിലിൽ ഒടുക്ക് വരുത്തി രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടച്ചില്ല -

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9, ബന്ധപ്പെട്ട ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ ഓണം അഡ്വാൻസ് ഇനത്തിൽ ശ്രീമതി. പ്രതിഭ, എൽ.ഡി.ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും 10,000/-രൂപ ടിയാൾ സ്ഥലം മാറി വന്ന വകുപ്പിലേക്ക് അടക്കുവാൻ തിരിച്ചുപിടിച്ചതായി കാണുന്നു. എന്നാൽ ഇപ്പോഴും പഞ്ചായത്തിന്റെ ലയബിലിറ്റി ഹെഡ്ഡിൽ ഈ തുക ബാധ്യതയായി തുടരുന്നു. തുക തിരികെ ഒടുക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.17/തീയതി 05-01-2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, തുക തിരികെ ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചു. തുക തിരിച്ചടക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-22 സമഗ്ര പുരയിട കൃഷി-കിഴങ്ങ് വർഗ്ഗ വിളകൾ- യൂണിറ്റ് കോസ്റ്റിലെ നിരക്കിനേക്കാൾ അധികം തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

സമഗ്ര പുരയിട കൃഷി (ജനറൽ), (എസ് സി പി)പ്രോജക്ടുകൾ പ്രകാരം ഇടവിളക്കിറ്റുകൾ കെയ്കോയിൽ നിന്ന് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയതിട്ടുണ്ട്. ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവയുൾപ്പെടുന്നതാണ് ഒരു കിറ്റ്. പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിൽ അധികം നിരക്കിൽ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | വാങ്ങിയതിന്റെ വിശദാംശങ്ങൾ | ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു കിറ്റിനായി ചെലവഴിക്കാവുന്ന തുക | വാങ്ങിയ കിറ്റുകളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിക്കേണ്ടിയിരുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| സമഗ്ര പുരയിട കൃഷി-കിഴങ്ങ് | ചേന-6കി@50=300 | ചേന-6കി@35= | 499 | 499X1000= | 499x701= 349799 | 499000-349799 =149201 |

| | | | | | | |
|---|---|---|---|---|---|---|
| വർഗ്ഗ വിളകൾ വിതരണം (ജനറൽ) (s00101/21 | കാച്ചിൽ3kg@75<br>ചേമ്പ്2kg@80<br>ഇഞ്ചി2kg@100<br>മഞ്ഞൾ2.3kg@50 | 210 | | 499000 (ബിൽ നം.10/ 28.4.2020) | | |
| | ചേന-6കി@50 =300<br>കാച്ചിൽ3kg@75<br>ചേമ്പ്2kg@80<br>ഇഞ്ചി2kg@100<br>മഞ്ഞൾ2.3kg@50 | കാച്ചിൽ 3kg@50= 150<br>ചേമ്പ്2kg@70=140<br>ഇഞ്ചി2kg@60=120<br>മഞ്ഞൾ2.3kg@35=81<br>ആകെ-701 | 499 | 499X1000= 499000 (ബിൽ നം.10/ 28.4.2020) | 499x701 =349799 | 499000-349799 =149201 |
| സമഗ്ര പുരയിട കൃഷി-കിഴങ്ങ് വർഗ്ഗ വിളകൾ വിതരണം(എസ് സി പി) (S00102/21 | ചേന-8കി@50=400<br>കാച്ചിൽ3kg@75<br>ചേമ്പ്3kg@80<br>ഇഞ്ചി2kg@100<br>മഞ്ഞൾ3.7kg@50 | ചേന-8കി@35 =280<br>കാച്ചിൽ3kg@50=150<br>ചേമ്പ്3kg@70=210<br>ഇഞ്ചി2kg@60=120<br>മഞ്ഞൾ3.7kg@35= 130<br>ആകെ-890 | 164 | 164X1250= 205000 (ബിൽ നം.8/ 28.4.2020) | 164x890 =145960 | 205000-145960 =59040 |
| ആകെ | | | | | | 357442 |

ഇപ്രകാരം യൂണിറ്റ് കോസ്റ്റിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കൾ അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പ്രളയത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ ഉത്പാദനോപാധികൾ ഒന്നും തന്നെ മറ്റ് മാർഗ്ഗങ്ങളിൽ കൂടി ജില്ലാതല സമിതി നിർണ്ണയിച്ച വിലയിൽ വിതരണം ചെയ്യാൻ സാധിക്കില്ലായിരുന്നു എന്നും ജനങ്ങൾക്ക് ജീവനോപാധികൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് ഭരണസമിതി ആവശ്യപ്പെട്ടതിനാലാണ് സർക്കാർ ഏജൻസിയിൽ നിന്ന് ഉടൻ തന്നെ വാങ്ങൽ നടത്തിയത് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലാ വില നിർണ്ണയ സമിതി നിശ്ചയിച്ചിട്ടുള്ള വില ലോക്കൽ സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനാണെന്നും ഇത്രയും കൂടുതൽ ഉത്പാദനോപാധികൾ പ്രാദേശികമായി സംഭരിക്കാൻ സാദ്ധ്യമല്ലാത്തതിനാലാണ് സർക്കാരിന്റെ തന്നെ വിപണിയിൽ വില നിയന്ത്രിച്ച് നിർത്താൻ ചുമതലപ്പെട്ട ഹോർട്ടികോർപ്പിൽ നിന്നുമാണ് കെയ്കോ ഉത്പാദനോപാധികൾ സംഭരിച്ചത് എന്നും കെയ്കോ സർക്കാർ അംഗീകൃത സ്ഥാപനമായതിനാൽ വില നിർണ്ണയ സമിതി അംഗീകരിച്ച് നിരക്കുമായി താരതമ്യം ചെയ്യണമെന്ന് അറിയില്ലായിരുന്നു എന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മറുപടിയോടൊപ്പം കെയ്കോ തിരുവല്ല, കൃഷി ഓഫീസർക്ക് നൽകിയ കത്ത് ഹാജരാക്കിയിരുന്നു. പ്രസ്തുത കത്തിൽ പ്രളയ ശേഷം കിഴങ്ങ് വർഗ്ഗങ്ങളുടെ വില വളരെ കൂടി നിൽക്കുന്ന സമയം ആയിരുന്നു എന്നും ഹോർട്ടികോർപ്പിൽ നിന്ന് സംഭരിച്ച കിഴങ്ങ് വർഗ്ഗങ്ങൾ അവർ തന്ന വിലയിൽ നിന്നും വളരെ തുച്ഛമായ പാക്കിംഗ് ചാർജ്ജും വാഹന ചാർജ്ജും മാത്രമാണ് ഈടാക്കിയത് എന്നും ജില്ലാതല വിലയേക്കാൾ വളരെ കൂടിയ വിലയ്ക്കാണ് സാധനങ്ങൾ സംഭരിച്ചത് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ചേന-47/kg,കാച്ചിൽ -72/kg, ചേമ്പ്-77/kg,ഇഞ്ചി-96/kg,മഞ്ഞൾ-47/kg എന്നീ നിരക്കുകൾ പ്രാകാരമാണ് കിഴങ്ങ് വർഗ്ഗങ്ങൾ വാങ്ങിയത് എന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു.

ലോക്കൽ സംഭരണത്തിന് മാത്രമാണ് ജില്ലാതല വില നിർണ്ണയ സമിതി വില നിർണ്ണയിക്കുന്നത് എന്ന് സബ്സിഡി മാർഗ്ഗ രേഖയിലോ മറ്റ് സർക്കാർ ഉത്തരവുകളിലോ നിഷ്കർഷിക്കുന്നില്ല. കിഴങ്ങ് വർഗ്ഗങ്ങൾ ഹോർട്ടികോർപ്പിൽ നിന്ന് വാങ്ങിയ പ്രച്ചേസ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുമില്ല. ഇക്കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിതൃപ്തികരമല്ല. ഈ സാഹചര്യത്തിൽ യൂണിറ്റ് കോസ്റ്റിലും അധികമായി ചെലവഴിച്ച 357442/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഹോർട്ടികോർപ്പിൽ നിന്നുള്ള പർച്ചേസ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം

20120-21 സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, അപേക്ഷയിന്മേൽ എത്രയെണ്ണം പരിഗണിച്ചുവെന്നുള്ള വിവരവും നിലവിലുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണവും, ഓരോ ഇനം ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങളും ഇനംതിരിച്ച് നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ലഭിച്ച അപേക്ഷ | പരിഗണിച്ച അപേക്ഷ | നിലവിലുള്ള ആകെ ഗുണഭോക്താക്കൾ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 14 | 13 | 372 | 5,374800 |
| 2 | വാർദ്ധക്യകാല പെൻഷൻ | 139 | 88 | 1066 | 15,064700 |
| 3 | വികലാംഗ പെൻഷൻ | 04 | 04 | 167 | 23,87000 |
| 4 | 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 0 | 0 | 07 | 11,3900 |
| 5 | വിധവ പെൻഷൻ | 33 | 30 | 386 | 56,51500 |

ക്ഷേമ പെൻഷൻ വിതരണത്തിൽ യാതൊരു അപാകതകളും ഇല്ലായെന്ന് ബന്ധപ്പെട്ട രേഖകളും റജിസ്റ്ററുകളും പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടു. അർഹരായ അപേക്ഷകർക്ക് യഥാസമയംതന്നെ അപേക്ഷകൾ പരിഗണിച്ച് നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കുന്നുണ്ട്.

## 1-24 നീക്കിയിരിപ്പ് തുക ക്രമീകരിക്കണം

സെക്രട്ടറി 2020-21 ൽ നിർവ്വഹണം നടത്തിയ രണ്ടു നിക്ഷേപ പ്രവർത്തികളിൽ വിനിയോഗ ശേഷമുള്ള തുക നിക്ഷേപ സ്ഥാപനമായ ആലപ്പുഴ പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിലനിൽക്കുന്നു. വിശദാംശം ചുവടെ.

| പ്രോജക്ട് നം | പേര് | ബിൽ നം/തീയതി | നിക്ഷേപിച്ച തുക | വിനിയോഗിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 147/21 | ഗവ.ആയുർവ്വേദ ആശുപത്രി റീവയറിംഗ് | 50/26.03.21 | 116766 | 116565 | 201 |
| 148/21 | ഗവ.ഹോമിയോ ആശുപത്രി റീവയറിംഗ് | 47/18.03.21 | 148000 | 141703 | 6297 |

നീക്കിയിരിപ്പായ 6498/- രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കുകയോ, കൺഫർമേഷന്റെ അടിസ്ഥാനത്തിൽ നിക്ഷേപ സ്ഥാപനം തന്നെ കൺസോളിഡേറ്റഡ് ഫണ്ടിൽ തുക തിരികെ അടയ്ക്കുന്നതിനുള്ള ക്രമീകരണങ്ങളോ ചെയ്യേണ്ടതാണ്.

## 1-25 ലൈഫ് പദ്ധതി -അവലോകനം

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്ന നാല് വികസന മിഷനുകൾ ഉൾക്കൊള്ളുന്ന പദ്ധതിയിൽ ഒന്നാമതായി ഉൾപ്പെട്ട സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ - ന്റെ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കി വരുന്നു.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20, 2020-21 വർഷം ജനറൽ വിഭാഗത്തിനും എസ്.സി/എസ്.ടി വിഭാഗങ്ങൾക്കും പ്രത്യേകമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഈ പദ്ധതിയിൽ ആവിഷ്ക്കരിച്ച നടപ്പാക്കി.

ലൈഫ് ഭവന പദ്ധതിയുടെ ഉടക്കം മുതൽ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട് വിവരങ്ങൾ

2018-19, 2019-20, 2020-21 ൽ ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിവരം

| വർഷം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക്/ജില്ലാ | ഹഡ്കോ ലോൺ | സംസ്ഥാന വിഹിതം |
|---|---|---|---|---|

| | വിഹിതം | | പഞ്ചായത്ത് വിഹിതം | | | | | |
|---|---|---|---|---|---|---|---|---|
| | ലഭിച്ചത് | ചെലവഴിച്ചത് | ലഭിച്ചത് | ചെലവഴിച്ചത് | ലഭിച്ചത് | ചെലവഴിച്ചത് | ലഭിച്ചത് | ചെലവഴിച്ചത് |
| 2019-20 | 3004059 | 1307563 | 325179 | 325179 | 460000 | 460000 | 400000 | 200000 |
| 2020-21 | 2648686 | 1175000 | | | 0 | 0 | | 200000 |

2019-20, 2020-21ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണം- 10

പൂർത്തിയാക്കിയവ-10

ലക്ഷ്യം വച്ച ഭൂരഹിത ഭവന രഹിത പുനരധിവാസം -26

സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾ -2

*ഓഡിറ്റ് അന്വേഷണം നം. 04/20-21/30.12.21 ന് വി.ഇ.ഒ നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് .

## 1-26 അഗതി രഹിത കേരളം പദ്ധതി

പാണ്ടനാട് ഗ്രാമ പഞ്ചായത്ത് സി.ഡി.എസ് മുഖേന നടത്തപ്പെടുന്ന അഗതി ആശ്രയ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 26 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 23 ഗുണഭോക്താക്കളുമായി ആകെ 49 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. പിന്നീട് ഈ പദ്ധതി അഗതി രഹിത കേരളം എന്ന് പുനർ നാമകരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ചു. അഗതി രഹിത കേരളം പദ്ധതിയിൽ നിലവിൽ 91 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ അനുഭവിക്കുന്നു.

1. പദ്ധതിക്കായി ഒന്നും രണ്ടു ഘട്ടങ്ങളിലായി ലഭിച്ച ചലഞ്ച് ഫണ്ട് 1500000/-രൂപയും പ്ലാൻ ഫണ്ട് 857412/- രൂപയിൽ യഥാക്രമം 969658/- രൂപയും 591901/- രൂപയും വിനിയോഗിച്ചു

2. അഗതികൾ അവഗണിക്കപ്പെടുന്നു

അഗതി ആശ്രയ പദ്ധതിയിലുൾപ്പെടുത്തി വീട് പുനരുദ്ധാരണത്തിന് തുക നല്കുന്നതും ഭക്ഷണം നല്കുന്നതും ഒഴികെ 2019 - 20, 2020-21 കാലയളവിൽ മറ്റു സേവനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അഗതികൾക്കായി ചെയ്തിട്ടില്ല.

3.വിലയിരുത്തൽ സമതിയുടെ പ്രവർത്തനം

ആശ്രയപദ്ധതി മോണിറ്ററിംഗിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള സമതി ആശ്രയപ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ് എന്ന് നിബന്ധനയുണ്ട് . എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20, 2020-21 കാലയളവിൽ ഒരു തവണ മാത്രമാണ് (18.07.2019)വിലയിരുത്തൽ സമിതിയുടെ യോഗം നടത്തിയിട്ടുള്ളത്.

## 1-27 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം

പാണ്ടനാട് പഞ്ചായത്ത് പരിധിയിൽ ആകെ 13 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ നല്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടം

6 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമുണ്ട്. 5 അങ്കണവാടികൾ വാടക കെട്ടിടത്തിലും 2 എണ്ണം വാടക രഹിതമായും പ്രവർത്തിക്കുന്നു.

കുടിവെള്ളം

112, 118, 120 എന്നീ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമല്ല. മറ്റെല്ലാ അങ്കണവാടികളിലും കുടിവെള്ള സൗകര്യം ലഭ്യമാണ് .

വൈദ്യുതി

എല്ലാ അങ്കണവാടികളും വൈദ്യുതീകരിച്ചതാണ്.

ടോയ്ലറ്റ്

109, 114, 120 എന്നീ അങ്കണവാടികൾക്ക് ടോയ്ലറ്റ് സൗകര്യം ഇല്ല.

ചുറ്റുമതിൽ

7 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്.

വൈദ്യുതി, ഗ്യാസ് കണക്ഷൻ, ഫുഡ് കണ്ടയ്നർ

13 അങ്കണവാടികളിലും വൈദ്യുതി, ഗ്യാസ് കണക്ഷൻ എന്നിവ ഉണ്ട്.

13 അങ്കണവാടികളിൽ 6 അങ്കണവാടികൾക്ക് മാത്രമേ സ്വന്തം കെട്ടിടമുള്ളൂ എന്നതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി നം.109ന് കുടിവെള്ളം, ടോയ്‌ലറ്റ്, ചുറ്റുമതിൽ എന്നിവ ഇല്ല എന്നത് തീർത്തും അപര്യാപ്തതയാണ് .

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾ ഇനിയും മുന്നേറേണ്ടതുണ്ട്. ഈ വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 73650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 73650 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 550000 | നെൽക്കൃഷിക്ക് കൂലിചെലവ് സബ്സിഡി(സ്പിൽ ഓവർ) | 550000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 365970 | നെൽക്കൃഷിക്ക് കൂലിചെലവ് സബ്സിഡി | 365970 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 19750 | പാലിന് സബ്സിഡി | 19750 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് കെട്ടിട വിഭാഗം | പഞ്ചായത്ത് ഓഫീസ് വയറിംഗ് സെക്കന്റ് റീച്ച് | | 30695 | 30695 | |
| പൊതുമരാമത്ത് കെട്ടിട വിഭാഗം | ഗവ.ആയുർവ്വേദ ആശുപത്രി റിവയറിംഗ് | 50/26-03-2021 | 116766 | 116565 | 201 |
| പൊതുമരാമത്ത് കെട്ടിട വിഭാഗം | ഗവ.ഹോമിയോ ഡിസ്പെൻസറി റിവയറിംഗ് | 42/18-03-2021 | 148000 | 141703 | 6297 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുക വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | എൽ.എഫ്.511/2018 തീയതി 02-01-2019 | 934687 | 671746 | 322353 | | 349393 |

## 4-5 സ്ഥിര നിക്ഷേപം

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-1 | 2007-08 | 3.2.3.1 | ആസൂത്രണ രാഹിത്യം | ലഭ്യമായില്ല |

| | | | | | |
|---|---|---|---|---|---|
| | | | | 34.2 ലക്ഷം നഷ്ടപ്പെടുത്തി | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

.(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49583251 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42324650 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 704686 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 312444 | ശ്രീമതി.അന്നമ്മ,പ്രധാനാദ്ധ്യാപിക |
| 1-19 | 34800 | ശ്രീമതി.അന്നമ്മ,പ്രധാനാദ്ധ്യാപിക |
| 1-22 | 357442 | ശ്രീമതി.അർച്ചന,യു എസ്, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേരി ജിഷ, പി ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാണ്ടനാട് ഗ്രാമപഞ്ചായത്ത് | ബോണിഫേസ്, ചാരങ്കാട്ട്, പൊള്ളാതൈ പി ഓ |
| ശ്രീമതി അന്നമ്മ, പ്രധാനാദ്ധ്യാപിക | വിരമിച്ചു | ലിയോകോട്ടേജ്, ചെറുകോൽ പി ഓ, മാവേലിക്കര |
| ശ്രീമതി അർച്ചന യു എസ്, കൃഷി ഓഫീസർ | | ഉഷസ്സ്, ഉതിയൻപാറ, തത്തിയൂർ, മഞ്ചവിളാകം പി ഓ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 1998-99 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 1999-2000 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2002-03 (ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2003-04 (ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2004-05(ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2005-06 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2008-09<br>2009-2010<br>2010-2011 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2011-2012<br>2012-2013 | എൽ.എഫ്.എ.പി 7-1250/14 Dt 29-08-2014/14-11-2014 |
| 2013-2014 | എൽ.എഫ്.എ.പി 7-679 / 15 Dt 16-07-2015/6-8-2015 |
| 2014-2015 | കെ.എസ്.എ-എ.എൽ.പി/പി 7/833/16 Dt 29.7.16/3.8.16 |
| 2015-16 | കെ.എസ്.എ-എൽ.പി/പി7-48 /17 Dt 21.01.17/7.2.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി 7-1254/17 Dt 25.10.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി 7-149/19 Dt 08.04.19 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി 7-1034/19 Dt 22.5.2020 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്